(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ, മസ്റ്റർ ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ. മസ്റ്റർ ചെയ്യുന്നതിനായി 2019 നവംബർ മുതൽ 2020 ഒക്ടോബർ 15 വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. ഇനിയും മസ്റ്റർ ചെയ്യുവാനുള്ളവർക്ക് ഒരു അവസരം കൂടി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) കോവിഡ് മഹാമാരിമൂലം മസ്റ്ററിംഗ് നടക്കാത്തതിനാൽ കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ (പഞ്ചായത്ത്/നഗരസഭ തരംതിരിച്ച്) അർഹരായ എത്ര ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത 1237 പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഇവരുടെ ഗ്രാമപഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*. മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിക്കൂടിയാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഇതിൽ അർഹരായ എത്ര പേർക്കാണ് പെൻഷൻ മുടങ്ങിക്കിടക്കുന്നതെന്ന് മസ്റ്ററിംഗ് പൂർത്തിയാക്കിയാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

കായംകുളം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി

311 (311) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ പുരോഗതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

വൈപ്പിൻ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

312 (312) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വൈപ്പിൻ മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly